ആഭ്യന്തര കടം

111(T2099) ശ്രീ. മല്ലിക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2011-12-ൽ സംസ്ഥാനത്തിന്റെ ആഭ്യന്തര കടം എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

2011-12-ൽ സംസ്ഥാനത്തിന്റെ ആഭ്യന്തരകടം 6869.29 കോടി (തനി) രൂപയായിരുന്നു.

പൊതുചെലവ് അവലോകന സമിതിയുടെ ശുപാർശ

112(2101) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുചെലവ് അവലോകന സമിതിയുടെ ശിപാർശകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) സമിതിയുടെ എല്ലാ ശിപാർശകളും അംഗീകരിച്ചിട്ടുണ്ടോ ;

(സി) ആയത് നടപ്പാക്കുമ്പോൾ വിവിധ മേഖലകളിൽ ഉണ്ടാകാവുന്ന പ്രതിബന്ധങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) സമിതി ഇത്തരം ശിപാർശ സമർപ്പിക്കുന്നതിനുണ്ടായ അടിസ്ഥാന കാരണങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പൊതുചെലവ് അവലോകന സമിതി (Public Expenditure Review Committee)യുടെ റിപ്പോർട്ടിലെ ശുപാർശകൾ പരിശോധിച്ച് നടപടി കൈക്കൊള്ളുന്നതിന് ബന്ധപ്പെട്ട റിപ്പോർട്ടിന്റെ പകർപ്പ് കൈമാറിയിട്ടുണ്ട്.

(സി)പൊതുചെലവ് അവലോകന സമിതി ശുപാർശകൾ വിവിധ വകുപ്പുകൾ പരിശോധിച്ച് പ്രായോഗികമായ നിർദ്ദേശങ്ങൾ നടപ്പിലാക്കിവരികയാണ്. ശുപാർശകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രതിബന്ധങ്ങൾ വകുപ്പുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വിവേകപൂർണ്ണമായ ധനമാനേജ്മെന്റും സാമ്പത്തിക സുസ്ഥിരതയും ഉറപ്പുവരുത്തി ധനസംബന്ധമായ ഉത്തരവാദിത്ത ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ളതുപോലെ കമ്മികൾ ലക്ഷ്യത്തിനുള്ളിൽ നിർത്തുവാൻ സാധിക്കാത്തതാണ് സംസ്ഥാനം ഇന്ന് നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടിന് കാരണമെന്ന് പൊതുചെലവ് അവലോകന സമിതി വിലയിരുത്തിയിട്ടുണ്ട്. ഇത് തരണം ചെയ്യുന്നതിനായി റവന്യൂ വരുമാനത്തിനെ അപേക്ഷിച്ച് ചെലവിലുള്ള വളർച്ച നിയന്ത്രണവിധേയമാക്കണമെന്ന് കമ്മീഷൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇതിന്റെ പശ്ചാത്തലത്തിലാണ് പൊതുചെലവ് അവലോകന സമിതി ശുപാർശകൾ സമർപ്പിച്ചിട്ടുള്ളത്.

ബഡ്ജറ്റിൽ പ്രാമുഖ്യം നൽകിയിരിക്കുന്ന മേഖലകൾ

113(2102) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :

ശ്രീ. റോഷി അഗസ്റ്റിൻ :

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഏതെല്ലാം മേഖലകൾക്കാണ് പ്രാമുഖ്യം നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോമേഖലയിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികൾക്ക് ആവശ്യമായ ധനസമാഹരണം ഏപ്രകാരമെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കൃഷി, അടിസ്ഥാന സൗകര്യ വികസനം, സമ്പൂർണ്ണ ആരോഗ്യ കേരളം, ഡിജിറ്റൽ കേരള, എല്ലാവർക്കും പാർപ്പിടം, വ്യവസായ തൊഴിൽ സംരംഭങ്ങൾ, ക്ഷേമപ്രവർത്തനങ്ങൾ എന്നീ ഏഴ് മേഖലകൾക്കാണ് പ്രാമുഖ്യം നൽകിയിരിക്കുന്നത്.

(ബി) പ്രസ്തുത മേഖലകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) സംസ്ഥാനത്ത് സമാഹരിക്കുവാൻ കഴിയുന്ന വിഭവങ്ങളുടെ അടിസ്ഥാനത്തിലുള്ള പദ്ധതികൾക്കാണ് ബഡ്ജറ്റിൽ പ്രാമുഖ്യം നൽകിയിരിക്കുന്നത്. വിഭവ സമാഹരണ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly